# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.519 | 04.02.2020-ൽ മറുപടിയ്ക്ക്

**ലോട്ടറിയുടെ ജി.എസ്.ടി. ഉയർത്തിയ നടപടി**

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറിയുടെ ജി.എസ്.ടി. 28% ആക്കി ഉയർത്തിയ നടപടി സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ഏത് രീതിയിലാണ് ബാധിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 01.03.2020 മുതൽ 12% ത്തിൽ നിന്നും 28%മായി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമായിട്ടുണ്ട്. നിലവിൽ 30/-രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50/- രൂപ വിൽപ്പന വിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40/- രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. ഇതുവഴി സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതി യോളം) തുക |

| | | | |
|---|---|---|---|
| | | | കുറവ് വരുകയും പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽക ത്തക്കവിധത്തിലുമാണ് സമ്മാനഘടന പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത് . |
| (ബി) | ലോട്ടറി വിൽപ്പനയുടെ ലാഭം കുറയുമെങ്കിലും നികുതി വരുമാനം വർദ്ധിക്കുമെന്നതിനാൽ സമ്മാന ഘടനയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ GST 28% ആയി ഏകീകരികരിക്കുന്നതുവഴി സംസ്ഥാന സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുന്നുണ്ട്. പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്ക വിധത്തിൽ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയാണ് സമ്മാനഘടന പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. |
| (സി) | ജി.എസ്.ടി. വർദ്ധിപ്പിച്ചതിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ലോട്ടറി വിൽപ്പനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള വരുമാന നഷ്ടം ഉണ്ടാകുമോ; ഇവരുടെ ആശങ്ക അകറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തൊഴിലാളികൾക്ക് ലഭിക്കുന്ന വരുമാനത്തിൽ കുറവുണ്ടാകാത്ത തരത്തിലാണ് പുതിയ ഘടന തീരുമാനിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ